വരൾച്ച

77(2696) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കാലവർഷത്തിലുണ്ടായ കുറവുമൂലം കടുത്ത വരൾച്ചയുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ച രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലയിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം

78(2697) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം വിട്ടുനൽകുന്നതിനും ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച 16678/B2/Rev/2014 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-3-2014-ലെ കോട്ടയം ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ പ്രകാരം 11-12-2014-ൽ ചേർന്ന എസ്.എൽ.ഇ.സി. യോഗം രത്നഗിരി പബ്ലിക് ലൈബ്രറിയുടെ രജിസ്ട്രാറിന് 3,40,000 രൂപ നഷ്ടപരിഹാരമായി നൽകുവാൻ തീരുമാനിക്കുകയും ടി വിവരം 19-1-2015-ലെ 16678/ബി2/14 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എസ്.എൽ.ഇ.സി. വില നിശ്ചയിച്ച് നൽകിയതനുസരിച്ച് ചെങ്ങന്നൂർ മുവാറ്റുപുഴ എം.സി. റോഡുവികസനത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ അവാർഡ് തുകയും ലൈബ്രറി കെട്ടിടത്തിനുള്ള നഷ്ടപരിഹാരത്തുകയും 24-7-2015-ന് രത്നഗിരി പബ്ലിക് ലൈബ്രറി സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly